# ട്രാൻസ്‌ലിറ്ററേഷൻ – ലിപ്യന്തരണം

ജോൺ മാത്യു

അടുത്ത സമയത്ത് ചില ട്രാൻസ്‌ലിറ്റേർഡ് പുസ്തകങ്ങൾ കാണാനിടയായി. ഇവയുടെ പ്രസിദ്ധീകരണത്തിൽ അനേകം വ്യക്തികളുടെ അദ്ധ്വാനമുണ്ടായിരുന്നുവെന്നത് തീർച്ച. അവരുടെ സമർപ്പണമനോഭാവവും നമ്മുടെ ഭാഷ എങ്ങനെയും കുട്ടികൾ മനസ്സിലാക്കണമെന്ന ദൃഢനിശ്ചയവും തിരിച്ചറിയുന്നു.

എന്താണ് ഈ ലിപ്യന്തരണത്തിന്റെ ലക്ഷ്യം? മലയാള ലിപി അറിയാത്ത വിദേശ മലയാളി ചെറുപ്പക്കാർക്ക് 'വെള്ളം'പോലെ മുതിർന്നവരുടെ ഒപ്പം അത് കൈകാര്യം ചെയ്യാൻ കഴിയണം. വളർന്നുവരുന്ന തലമുറയെ മലയാളം അക്ഷരമാല പഠിപ്പിക്കുന്നതിന്റെ ശ്രമം കുറയ്ക്കാനുള്ള ഒരു എളുപ്പവഴി. തപ്പിത്തപ്പി മലയാളം പറയുന്നവർ ഈ ട്രാൻസ്‌ലിറ്റേർഡ് ഉപയോഗിക്കുമെന്നാണ് ചിലരെങ്കിലും ആത്മാർത്ഥമായി വിശ്വസിക്കുന്നത്.

ഇംഗ്ലീഷിലെ ഇരുപത്തിയാറ് അക്ഷരങ്ങൾകൊണ്ടാണ് ഇത്രയും സാധിച്ചിരിക്കുന്നത്. ഇരുപത്തിയൊന്ന് വ്യഞ്ജനങ്ങളും അഞ്ച് സ്വരങ്ങളും ഉപയോഗിച്ച്. സ്വരാക്ഷരങ്ങൾ വലിച്ചു നീട്ടുകയും കൂട്ടക്ഷരങ്ങൾ എങ്ങനെയോ ഒപ്പിച്ചെടുക്കുകയും ചെയ്തു. വള്ളിയും പുള്ളിയും ദീർഘവും ചന്ദ്രക്കലയും ചില്ലും ഈ അഞ്ച് സ്വരാക്ഷരങ്ങൾകൊണ്ട് സാധിച്ചെടുക്കുന്നത് അത്ഭുതം തന്നെ!

അമ്പത്തിയാറ് അക്ഷരങ്ങളും അതിനോടു ചേർന്ന സംസ്കൃത നിയമങ്ങളും ഉപയോഗിച്ച് വ്യത്യസ്ത ഉച്ചാരണത്തിന് ഉതകുംവിധം ക്രമീകരിച്ചിരിക്കുന്ന മലയാളം എങ്ങനെഈ സംവിധാനത്തിന്റെ കുടുക്കയിൽ ഇണങ്ങും. ഇനിയും ഈ ലിപ്യന്തരണം വായിച്ചെടുക്കാമോ, വിശേഷിച്ചും മലയാളം വാക്കുകൾ നിത്യപരിചയമില്ലാത്തവർക്ക്. ഞാൻ ശ്രമിച്ചു, കഴിഞ്ഞില്ല.

വിദേശരാജ്യങ്ങളിൽ ജീവിക്കുന്ന കുട്ടികൾ തങ്ങളുടെ പൂർവ്വികരുടെ നാടുമായി ബന്ധം നിലനിർത്തുന്നത് അവരിൽ വിശാലമായ കാഴ്ചപ്പാടാണ് ഉണ്ടാക്കുക. അതുകൊണ്ട് സുഗമമായി വായിക്കാവുന്ന ഒരു ലിപി നമുക്ക് സംവിധാനം ചെയ്തുകൂടേ?

റോമൻ അക്ഷരമാലയെന്നാൽ ഇരുപത്തിയാറ് അക്ഷരമെന്ന് ചിലർ ധരിച്ചിരിക്കുന്നു. ഇംഗ്ലീഷിലൂടെ അറിയപ്പെടുന്നതിനപ്പുറമായ റോമൻ ലിപിയും അതിന്റെ ചിഹ്നങ്ങളുമുണ്ട്. ഇനിയും ഭാരതീയ സമ്പ്രദായങ്ങളുമുണ്ട്. ഇതിന്റെ സാദ്ധ്യതകൾ വിപുലമാണ്. പല യൂറോപ്യൻ ഭാഷകളിലും അവരുടെ കൃത്യമായ ഉച്ചാരണത്തിനു സ്വന്തമായ ചിഹ്നങ്ങൾ ഉപയോഗിക്കുന്നുണ്ട്. ഉദാഹരണത്തിന് സ്പാനീഷ്, ഫ്രഞ്ച് തുടങ്ങിയവ.

വളരെ ചുരുക്കമായി പറഞ്ഞാൽ മലയാളവും മറ്റു ഭാരതീയ ഭാഷകൾ സംസാരിക്കുന്നവർക്കും ഉപയോഗിക്കാൻ കഴിയുന്ന ഒരു പൊതു ലിപിക്ക് രൂപം കൊടുക്കാൻ ശ്രമിച്ചുകൂടേ? ഇതിന്റെ അർത്ഥം ഇപ്പോഴത്തെ എഴുത്ത് വേണ്ടായെന്നല്ല. ഏതു ഭാരതീയ ഭാഷയും വായിക്കാൻ കഴിയുന്ന ഒരു സംവിധാനം. ഇന്നത്തെ നിയമരഹിതമായ ട്രാൻസ്‌ലിറ്റേർഡ് നിയമാനുസൃതമാക്കുന്നു എന്നു മാത്രം. ഇതത്ര എളുപ്പമല്ലെന്നറിയാം. ബ്രിട്ടീഷ്‌രാജ് കാലത്ത് ഹിന്ദി–ഉറുദു ഭാഷകൾക്കുവേണ്ടി ഒരു റോമൻ ലിപി നടപ്പാക്കി പരാജയപ്പെട്ടിരുന്ന കാര്യം മറക്കുന്നില്ല.

എന്നാൽ ഇവിടെ നിർദ്ദേശിക്കുന്ന ഈ പുതിയ ലിപി സുഗമമായി എഴുതാൻ കഴിയുന്നതായിരിക്കണം, കംപ്യൂട്ടർ ഉപയോഗത്തിനും ഉതകുന്നതായിരിക്കണം. അക്ഷരങ്ങൾ ചുരുക്കി വാക്കുകൾ എഴുതാൻ കഴിയണം. വേഗത്തിൽ അഭ്യസിച്ചെടുക്കാവുന്നതും ആയിരിക്കണം. ഇതിനെല്ലാമുപരി ഉച്ചാരണത്തിൽ കൃത്യത വേണം, എഴുതുന്നതുപോലെ തന്നെ വായിക്കുകയും വേണം.

ഇംഗ്ലീഷിലെ 'k'അല്ല മലയാളത്തിലെ 'ക'. മലയാളത്തിലെ വ്യഞ്ജനാക്ഷരങ്ങൾക്കു തുല്യമായ റോമൻ അക്ഷരങ്ങൾ രൂപപ്പെടുത്തിയെടുക്കണം. ഇതിനോട് സൗകര്യം പോലെ നമ്മുടെ സ്വരചിഹ്നങ്ങളും റോമൻ സ്വരചിഹ്നങ്ങളും ചേർക്കാം.

ഇതൊരു ആശയം മാത്രമാണ്. ചിലപ്പോൾ ഒരു സ്വപ്നവും ആവാം. സാങ്കേതികത നിർദ്ദേശിക്കുകയല്ല ഈ ചെറുലേഖനത്തിന്റെ ലക്ഷ്യം. അതുപോലെ കൂട്ടക്ഷരങ്ങളും മലയാളത്തിന്റെ പ്രത്യേകതയാണ്. കൂട്ടവാക്കുകളും ഉപയോഗിക്കുന്നതിന്റെ പ്രായോഗിക പ്രശ്നങ്ങളും ഇവിടെ മറക്കുന്നില്ല.

ഇനിയും, ഭാഷാ നിയമങ്ങൾ ഇങ്ങനെയൊരു ലിപിയെ അനുകൂലിക്കുമോ? പാരമ്പര്യങ്ങളോടുള്ള വെല്ലുവിളിയായി ഇതു കണക്കാക്കുകയില്ലേ? എന്തും സംശയത്തോടെ വീക്ഷിക്കുന്ന സ്ഥാപനങ്ങൾ, രാഷ്ട്രീയ താല്പര്യങ്ങൾ തുടങ്ങിയവ പുതുതായി എത്തുന്ന ആശയങ്ങൾക്ക് തടയിടാൻ ശ്രമിക്കും.

ഇതുപോലെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാനും പ്രോത്സാഹിപ്പിക്കാനും ഏറ്റെടുക്കാനും അമേരിക്കയിൽ ദേശീയതലത്തിൽ ലാനതയ്യാറാകണം. റൈറ്റേഴ്സ് ഫോറം തുടങ്ങിയ മറ്റു സാഹിത്യ സംഘടനകൾക്കും ഇക്കാര്യത്തിൽ പ്രതികരിക്കാം. കേരളത്തിലെ ഭാഷാദ്ധ്യാപകരുടെ ചിന്തക്കും ഈ വിഷയം ഇവിടെ അവതരിപ്പിക്കുകയാണ്. സാങ്കേതിക പ്രശ്നങ്ങളുണ്ടാവാം, എങ്കിലും ഒന്നു ശ്രമിച്ചുകൂടേ?

പരമ്പരാഗതമായ അക്ഷരമാലകളൊന്നും തുടച്ചുമാറ്റണമെന്ന നിർദ്ദേശമായി ഇത് കണക്കാക്കരുത്. വിദേശങ്ങളിൽ ജീവിക്കുന്ന പുതുതലമുറകൾക്ക് ഭാഷ നഷ്ടമാകാതെ കാത്തുസൂക്ഷിക്കാനും സുഗമമായി ഉപയോഗിക്കാനുള്ള ഒരു മാർഗ്ഗം, അതിനുള്ള ഒരു ശ്രമം മാത്രമാണിത്.